ഉത്തരം

(എ, ബി, സി ആന്റ് ഡി) വിശദ വിവരങ്ങൾ അനുബന്ധം I-ൽ കൊടുത്തിരിക്കുന്നു.†

(ഇ) സബ് സ്റ്റേഷനുകളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാകുന്നതിനുള്ള കാലതാമസം, ലൈൻ വലിക്കുന്നതിനെതിരെയുള്ള കോടതി വ്യവഹാരങ്ങൾ, കോൺട്രക്ടർമാർ ജോലി നിർത്തിവയ്ക്കുക തുടങ്ങിയ കാരണങ്ങളാലാണ് മുഖ്യമായും സബ് സ്റ്റേഷനുകളുടെ പണി പൂർത്തിയാക്കുവാൻ കാലതാമസം നേരിടുന്നത്.

(എഫ്) സബ് സ്റ്റേഷനുകളുടെ പണി പൂർത്തികരിച്ചതിനുശേഷം മാത്രമേ കൃത്യമായി ചെലവായ തുക അറിയുവാൻ കഴിയുകയുള്ളു.

(ജി) വൈദ്യുതി ബോർഡിന്റെ പണികൾ യഥാസമയം പൂർത്തിയാക്കാതിരിക്കുന്നതിന് ഉത്തരവാദികളായ കരാറുകാരിൽ നിന്ന് നഷ്ടം ഈടാക്കാറുണ്ട്.

വൈദ്യുതി ബോർഡിന്റെ വികസന പ്രവർത്തനങ്ങൾ

61 [379] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റിന്റെ നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന വൈദ്യുതി ബോർഡ് പൂർത്തിയാക്കിയ വികസന പരിപാടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) 2005-ൽ പൂർത്തിയാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള വികസന പരിപാടികൾ ഏതെല്ലാമാണ്;

(സി) വൈദ്യുതി ബോർഡ് ഏറ്റെടുത്ത വികസന പ്രവർത്തനങ്ങൾ മുഴുവൻ സമയബന്ധിതമായി പൂർത്തിയാക്കാൻ ഊർജ്ജിത നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് പൂർത്തിയാക്കിയ വികസന പരിപാടികൾ ചുവടെ ചേർക്കുന്നു:

(i) 1,93,219 പുതിയ വൈദ്യുതി കണക്ഷനുകൾ നൽകി.

(ii) 43,179 സൗജന്യ കണക്ഷനുകൾ ബി.പി.എൽ. വിഭാഗത്തിൽ നൽകിയിട്ടുണ്ട്.

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

(iii) 26 മുനിസിപ്പാലിറ്റികളിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പിലാക്കി വരുന്നു.

(iv) 1002 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു.

(v) 21 സബ് സ്റ്റേഷനുകളുടെ പണി പൂർത്തിയാക്കി.

(ബി) 2005-ൽ പൂർത്തിയാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള വികസന പരിപാടികൾ ചുവടെ ചേർക്കുന്നു:

(i) ലോവർ മീൻമുട്ടി (3.5 എം.ഡബ്ലിയു.), കുറ്റിയാടി ടെയിൽ റെയ്സ് (3.75 എം.ഡബ്ലിയു.), മലങ്കര (10.5 എം.ഡബ്ലിയു.), കുറ്റിയാർ ഡൈവേർഷൻ പദ്ധതി മുതലായവ പൂർത്തീകരിക്കുക. പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി (60 എം.ഡബ്ലിയു.), അതിരപ്പിള്ളി ഹൈഡ്രോ ഇലക്ട്രിക് പദ്ധതി (163 എം.ഡബ്ലിയു.) എന്നിവ ആരംഭിക്കുക.

(ii) 220 കെ.വി. സബ്സ്റ്റേഷൻ 2 എണ്ണം പൂർത്തീകരിക്കുക.

(iii) 5 ലക്ഷം വൈദ്യുത കണക്ഷനുകളും, 4000 കി.മീ. 11 കെ.വി. ലൈനിന്റെയും നിർമ്മാണം, 50,000 ബി.പി.എൽ. കണക്ഷൻ നൽകുക, 2000 ഷെഡ്യൂൾഡ് ട്രൈബ് വീടുകളും, 5000 ഷെഡ്യൂൾഡ് കാസ്റ്റ് വീടുകളും വൈദ്യുതീകരിക്കുക തുടങ്ങിയ പദ്ധതികൾ പൂർത്തിയാക്കുക.

(സി) വൈദ്യുതി ബോർഡ് ഏറ്റെടുത്ത വികസന പ്രവർത്തനങ്ങൾ മുഴുവൻ സമയബന്ധിതമായി തന്നെ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

നിത്യോപയോഗ സാധനങ്ങളുടെ വില

62 [380] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുകമ്പോളത്തിൽ നിലവിലുണ്ടായിരുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലയും ഇപ്പോഴത്തെ വിലയും വെളിപ്പെടുത്തുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly